**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2801** 06.02.2018-ൽ മറുപടിക്ക്

**'ആവാസ്" പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ഡി.കെ. മുരളി : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| ഇതര സംസ്ഥാന തൊഴിലാളികൾക്കു വേണ്ടി ആവിഷ്കരിച്ച ആവാസ് പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ? | ആവാസ് പദ്ധതി പ്രകാരം ചികിത്സാ പാക്കേജും ചികിത്സയുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങളും നിശ്ചയിക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ, പദ്ധതിയുടെ ഇൻഷ്വറൻസ് നടത്തിപ്പിന്റെ ചുമതല ചിയാക്കിന് നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ ഇതരസംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് എൻറോൾമെന്റ് ഫോമുകൾ വിതരണം ചെയ്ത് അവരുടെ വ്യക്തി വിവരങ്ങൾ ശേഖരിച്ച് സർക്കാർ നൽകിയ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ നടത്തുന്ന എൻറോൾമെന്റ് ക്യാമ്പുകളിൽ രജിസ്ട്രേഷൻ നൽകി തിരിച്ചറിയൽ കാർഡുകൾ നൽകുന്ന പ്രവൃത്തി പുരോഗമിക്കുന്നു. ഇതുവരെ 103094 തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.